കേരള സർക്കാർ

നമ്പർ. 46689/ആർ.ഡി.1/2011/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,തീയതി: 10/01/2012

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത്‌രാജ് ആക്ട് 220 (ബി) വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി പഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്യുന്നത് - സ്പഷ്ടീകരണം സംബന്ധിച്ച്.

കേരള പഞ്ചായത്ത്‌രാജ് ആക്ട് 220 (ബി) പ്രകാരം നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും റോഡുകളോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ, ഭൂമിയുടെ റോഡിനോട് ചേർന്ന അതിരിൽ നിന്ന് മൂന്ന് മീറ്ററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുറ്റുമതിലല്ലാത്ത ഏതെങ്കിലും നിർമ്മാണമോ നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച് താഴെപറയുന്ന പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള പഞ്ചായത്ത്‌രാജ് ആക്ട് 220 (b) വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഗ്രാമപഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്യുമ്പോൾ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (വിജ്ഞാപനമോ, നോട്ടീസോ പരസ്യപ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ ചട്ടം 4-ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാൽ മതിയാകും. കൂടാതെ വിജ്ഞാപനം സംബന്ധിച്ച നോട്ടീസ് പഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും/ജില്ലാപഞ്ചായത്തുകൾക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം -69558

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ